**കേരള ഫാക്ടറീസ് ആൻ്റ് ബോയിലേഴ്സ് ഡയറക്ടറുടെ നടപടി ക്രമ ഉത്തരവ്**

**ഹാജർ:പി.പ്രമോദ്**

വിഷയം:-ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് –അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് തസ്തികയിൽ ഭരണ സൗകര്യാർത്ഥമുള്ള സ്ഥലം മാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത്.-

**ഉത്തരവ് നമ്പർ DFB/ 264/2025-E1 തീയതി :26-07-2025**

പരാമർശം:- 1)Interim order in Contempt Case (C) No. 2612 of 2024 ( S) in OP (KAT ) 221/ 2024 dated 28/03/2025

2) ശ്രീ .സതീഷ് ചന്ദ്രൻ എ .അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടർ-ന് ഈ ഓഫീസിൽ നിന്നും 8/5/25 ന് നൽകിയ DFB/2581/2024-E1 നമ്പർ കത്ത്

3)ഈ ആഫീസിലെ DFB/1472/2025-E3 നമ്പറിൽ ഉള്ള 30/06/2025 തീയതിയിലെ ഉത്തരവ്

**ഉത്തരവ്**

01/07/2025 ൽ വകുപ്പിൽ അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായതിനെ തുടർന്ന് അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടർമാരിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിച്ച് ഭരണ സൗകര്യാർത്ഥം താഴെ പറയുന്ന ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നംബർ | ജീവനക്കാരന്റെ പേര് | നിലവിൽ ജോലി ചെയ്യുന്ന ആഫീസ് | സ്ഥലം മാറ്റം നൽകുന്ന ആഫീസ് |
|---|---|---|---|
| 1 | ശ്രീമതി. ശ്രീലത. സി. | അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടറുടെ കാര്യാലയം, ചെങ്ങന്നൂർ | അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടറുടെ കാര്യാലയം, , നെയ്യാറ്റിൻകര |
| 2. | ശ്രീമതി. ഗീതാദേവി. സി. | അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടറുടെ കാര്യാലയം, എറണാകുളം | അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടറുടെ കാര്യാലയം , ചെങ്ങന്നൂർ |
| 3. | ശ്രീമതി. എസ്. ബീന. | അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടറുടെ കാര്യാലയം, പെരുമ്പാവൂർ | അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടറുടെ കാര്യാലയം , എറണാകുളം |

ബഹു.കേരള ഹൈക്കോടതിയുടെ Contempt Case (C) No. 2612 of 2024 ( S) in OP (KAT ) 221/ 2024 ന്റെ 28/03/2025 തിയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം ഇരിഞ്ഞാലക്കുട അഡീഷണൽ ഇൻസ്പെക്ടർ ശ്രീ. സതീഷ് ചന്ദ്രൻ. എ.യെ 2024-2025 ലെ പൊതു സ്ഥലം മാറ്റത്തിന് പരിഗണിക്കണം എന്ന് ഉത്തരവായിരുന്നു. ഓൺലൈൻ പൊതു സ്ഥലം മാറ്റം 2025- മായി ബന്ധപ്പെട്ട് ടിയാന്റെ അപേക്ഷ സ്പാർക്ക് മുഖേന ലഭിച്ചിരുന്നു എങ്കിലും വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചിത മാനദണ്ഡങ്ങൾ

പാലിക്കാത്തതിനാൽ സ്പാർക്ക് മുഖേന പ്രോസസ് ചെയ്ത് ലഭിച്ച കരട് ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ മേൽ വിധിയുടെ അടിസ്ഥാനത്തിൽ ടിയാന്റെ ടിയാളുടെ സ്പാർക്ക് മുഖേനയുള്ള അപേക്ഷ പരിഗണിക്കുകയും പ്രസ്തുത വിവരം പരാമർശം 2 പ്രകാരം ടിയാനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

നെയ്യാറ്റിൻകര അഡീഷണൽ ഇൻസ്പെക്ടർ ആഫീസിലേക്ക് സ്ഥലം മാറ്റം ലഭിച്ച ചെങ്ങന്നൂർ അഡീഷണൽ ഇൻസ്പെക്ടർ ശ്രീമതി. ശ്രീലത. സി. ടി ആഫീസിന്റെ ചുമതല ചെങ്ങന്നൂർ ഫാക്ടറി ഇൻസ്പെക്ടർ ശ്രീ. സജിത്ത് എസ്. എസ്. ന് കൈമാറിയ ശേഷം നെയ്യാറ്റിൻകര അഡീഷണൽ ഇൻസ്പെക്ടർ ആഫീസിന്റെ ചുമതല അഡീഷണൽ ഇൻസ്പെക്ടർ ശ്രീമതി. ഷമ. എസ്. ൽ നിന്നും സ്വീകരിക്കേണ്ടതാണ്. ചെങ്ങന്നൂർ അഡീഷണൽ ഇൻസ്പെക്ടർ ആഫീസിലേക്ക് സ്ഥലം മാറ്റം ലഭിച്ച എറണാകുളം അഡീഷണൽ ഇൻസ്പെക്ടർ ശ്രീമതി.ഗീതാദേവി. സി. ടി ആഫീസിന്റെ ചുമതല എറണാകുളം ഫാക്ടറി ഇൻസ്പെക്ടർ ശ്രീ. ഷിബു.വി. ആർ. - ന് കൈമാറിയ ശേഷം ചെങ്ങന്നൂർ അഡീഷണൽ ഇൻസ്പെക്ടർ ആഫീസിന്റെ ചുമതല ചെങ്ങന്നൂർ ഫാക്ടറി ഇൻസ്പെക്ടർ ശ്രീ. സജിത്ത്. എസ്. എസ്. ൽ നിന്നും സ്വീകരിക്കേണ്ടതാണ്. എറണാകുളം അഡീഷണൽ ഇൻസ്പെക്ടർ ആഫീസിലേക്ക് സ്ഥലം മാറ്റം ലഭിച്ച പെരുമ്പാവൂർ അഡീഷണൽ ഇൻസ്പെക്ടർ ശ്രീമതി. എസ്. ബീന ടി ആഫീസിന്റെ ചുമതല പെരുമ്പാവൂർ ഫാക്ടറി ഇൻസ്പെക്ടർ ശ്രീ. പി. പ്രമോദ്.-നു കൈമാറിയ ശേഷം എറണാകുളം അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടർ ആഫീസിന്റെ ചുമതല എറണാകുളം ഫാക്ടറി ഇൻസ്പെക്ടർ ശ്രീ. ഷിബു.വി. ആർ. -ൽ നിന്നും സ്വീകരിക്കേണ്ടതാണ്.

സ്ഥലം മാറ്റം ലഭിച്ച ഉദ്യോഗസ്ഥർ വിടുതൽ / പ്രവേശന വിവരങ്ങൾ യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്. വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

**Signed by P Pramod**
**Date: 26-07-2025 17:24:54**

ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്

സ്വീകർത്താവ്:- ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :- 1. അക്കൗണ്ടന്റ് ജനറൽ ( A& E), തിരുവനന്തപുരം.

2. ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലെഴ്സ് കൊല്ലം, എറണാകുളം.

3. J D (HQ)/ AO/ FO / SS/CA to DF& B/ Stock File / C1 section website